പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2815 18/06/2018-ൽ മറുപടിക്ക്

അദ്ധ്യാപക പാക്കേജ് അനോമലി പരിഹരിക്കാൻ നടപടി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) എയ്ഡഡ് സ്കൂളുകളിൽ ഏത് തീയതിക്ക് മുൻപ് നിയമനം നേടിയ അദ്ധ്യാപകർക്കാണ് അദ്ധ്യാപക പാക്കേജ് പ്രകാരം സംരക്ഷണം നൽകുന്നതെന്ന് അറിയിക്കുമോ; | (എ) 29-01-2016-ലെ സ.ഉ (പി) നം.29/2016/ പൊവിവ പ്രകാരം താഴെപ്പറയുന്ന വിഭാഗങ്ങളിലെ ജീവനക്കാരെയാണ് അദ്ധ്യാപകബാങ്കിൽ ഉൾപ്പെടുത്തി സംരക്ഷണം അനുവദിച്ചിട്ടുള്ളത്<br>(1) 31/03/2011 ന് നിയമനാംഗീകാരത്തോടെ റഗുലർ സർവ്വീസിൽ തുടർന്ന അദ്ധ്യാപക/ അനദ്ധ്യാപകർ<br>(2) അദ്ധ്യാപക പാക്കേജ് വഴി 01/06/2011 മുതൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപക/ അനദ്ധ്യാപകർ<br>(3) മുൻകാല സംരക്ഷിത ഉത്തരവുകൾ വഴി സംരക്ഷണം ലഭിച്ച നിലവിലുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും<br>(4) അദ്ധ്യാപക പാക്കേജ് വഴി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട റിട്രഞ്ച്ഡ് അദ്ധ്യാപകർ, തസ്തിക ഇല്ലാതെ തന്നെ അദ്ധ്യാപക പാക്കേജ് വഴി മറ്റ് സ്കൂളുകളിലേക്ക് പുനർവിന്യസിച്ച് ശമ്പളം വാങ്ങി വരുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ<br>(5) 2011-12 മുതൽ 2014-15 വരെ രാജി, മരണം റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലം മാറ്റം എന്നീ റഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ട് അംഗീകാരം ലഭിച്ചവർ. |
| (ബി) അദ്ധ്യാപക പാക്കേജ് നിലവിൽ വന്നതിനുശേഷം തസ്തികയില്ലാതെ പുറത്തു പോയവർക്ക് പുനർ നിയമനം നൽകുന്ന രീതി എങ്ങനെയാണ് വ്യക്തമാക്കുമോ; | (ബി) അദ്ധ്യാപക പാക്കേജ് ഇപ്പോൾ നിലവിലില്ല. 06-08-2015-ലെ സ.ഉ (പി) നം. 213/2015/പൊവിവ പ്രകാരം അദ്ധ്യാപക പാക്കേജ് ഉത്തരവും അനുബന്ധ ഉത്തരവുകളും സർക്കാർ പിൻവലിച്ചിട്ടുണ്ട്. തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകർക്ക് സംരക്ഷണം, പുനർവിന്യാസം എന്നിവ അനുവദിക്കുന്നത് |

29-01-2016-ലെ സ.ഉ (പി) നം. 29/2016/ പൊവിവ, 05-08-2016-ലെ സ.ഉ (പി) നം. 134/2016/പൊവിവ എന്നിവ പ്രകാരമാണ്. തസ്തിക നഷ്ടപ്പെടുന്ന സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിന് താഴെപറയുന്ന മാർഗങ്ങൾ ആണ് ഇപ്പോൾ അവലംബിച്ചുവരുന്നത്.

I. തസ്തികനിർണയം നടത്തുമ്പോൾ സർക്കാർ സർവ്വീസിൽ അധികം വരുന്ന അദ്ധ്യാപകരെ താഴെപ്പറയുന്ന ഒഴിവുകളിൽ പുനർവിന്യസിക്കുന്നതാണ്.

1. പ്രധാന അദ്ധ്യാപകരെ ക്ലാസ് ചാർജ്ജിൽ നിന്നും ഒഴിവാക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവ്.
2. അധിക ഡിവിഷൻ തസ്തികകൾ.
3. ഭാവിയിൽ ഉണ്ടാകുന്ന അവധി ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും.
4. എസ്.എസ്.എ യുടെ കീഴിലുള്ള വിവിധ പ്രോജക്ടുകളിലും ആർ.എം.എസ്.എ സ്കൂളുകളിലും.
5. സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി കോ-ഓർഡിനേറ്റർമാർ.
6. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള സംരക്ഷിത അദ്ധ്യാപകരെ രണ്ടോ മൂന്നോ സ്കൂളുകൾ അടങ്ങുന്ന ക്ലസ്റ്ററിൽ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരായി നിയമിക്കേണ്ടതാണ്. സ്കൂളുകളെ ക്ലസ്റ്ററാക്കുമ്പോൾ എയ്ഡഡ് സ്കൂളുകളെയും ഉൾപ്പെടുത്താവുന്നതാണ്.

II. എയ്ഡഡ് സംരക്ഷിത അദ്ധ്യാപകരുടെ ലിസ്റ്റിൽ നിന്നും താഴെപ്പറയുന്ന ഒഴിവുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതാണ്.

(1) ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവ്

(2) അതത് മാനേജ്മെന്റുകളുടെ കീഴിലുള്ള എല്ലാത്തരം ഒഴിവുകളിലും,

(3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്ന എൽ.പി/യു.പി സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരെ സഹായിക്കുന്നതിന്

(4) എയ്ഡഡ് സ്കൂളുകളിൽ നിന്ന് എസ്.എസ്.എ തുടങ്ങിയ പ്രോജക്ടുകൾ ഉൾപ്പെടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിട്ടുള്ള എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകളിൽ

(5) എസ്.എസ്.എ യുടെ കീഴിൽ പഞ്ചായത്ത് തല ക്ലസ്റ്റർ കോ-

ഓർഡിനേറ്റർമാരായി (ഒരേ മാനേജ്മെന്റിന് കീഴിലുള്ള അദ്ധ്യാപകർ തമ്മിലുള്ള സീനിയോറിറ്റി പാലിച്ച്

(6) ആർ.ടി.ഇ ആക്ടനുസരിച്ച് എല്ലാ വിദ്യാലയങ്ങളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കേണ്ടതിനാൽ പുനർവിന്യസിക്കപ്പെടേണ്ടുന്ന കലാ, കായിക, പ്രവൃത്തിപരിചയം, തുന്നൽ തുടങ്ങിയ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ ഒന്നിലധികം സർക്കാർ/എയ്ഡഡ് സ്കൂളുകൾ ക്ലബ് ചെയ്തുകൊണ്ട് നിയമിക്കേണ്ടതാണ്. അങ്ങനെ ക്ലബ് ചെയ്യുമ്പോൾ യു.പി വിഭാഗത്തിൽ നിയമിച്ചവരെ അതിന്റെ തന്നെ എൽ.പി വിഭാഗത്തിലും തിരിച്ചും വിന്യസിക്കാവുന്നതാണ്.

(7) ആർ.എം.എസ്.എ സ്കൂളുകളിൽ അധികം വരുന്ന ഒഴിവുകളിൽ

(ജി) ഐറ്റി @ സ്കൂളുകളിൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരുന്ന അദ്ധ്യാപകർക്ക് പകരം

(8) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അക്കാദമിക മോണിറ്ററിംഗ് സമിതികളിലേക്ക് നിയമിക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് പകരം (ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കപ്പെട്ടവർ)

(9) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദീർഘകാല അവധി ഒഴിവുകൾ ഉൾപ്പെടെ എയ്ഡഡ് അദ്ധ്യാപക/അനദ്ധ്യാപകരുടെ 3 മാസത്തിലധികമുള്ള എല്ലാ അവധി ഒഴിവുകളിലും

(10) ഇൻസർവ്വീസ് കോഴ്സുകൾക്ക് തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്ക് പകരം.

(11). പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ റഗുലർ നിയമനം നടക്കുന്നതുവരെ.

(12) പുതുതായി ആരംഭിച്ച/അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ 2016-17 വർഷം മുതൽ ഉണ്ടാകുന്ന ഒഴിവുകളിൽ.

(13) അനദ്ധ്യാപക സംരക്ഷിത ജീവനക്കാരെ എസ്.എസ്.എ, ആർ.എം.എസ്.എ തുടങ്ങിയ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ

ഒഴിവുകളിൽ വിന്യസിക്കേണ്ടതാണ്.

(സി) സീനിയർ ആയ അദ്ധ്യാപകർ സംരക്ഷണത്തിന്റെ പേരിൽ പുറത്തുപോയി ബി.ആർ.സി കളിൽ ട്രെയിനർ ആയി നിയമനം ലഭിക്കുമ്പോൾ മുഴുവൻ ശമ്പളവും ലഭിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) തസ്തിക നഷ്ടമായ സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്നത് എവിടെയായാലും അവർക്ക് വാങ്ങിക്കൊണ്ടിരുന്ന ശമ്പളത്തിൽ കുറവൊന്നുമുണ്ടാകില്ല. അവർ അവരുടെ മാതൃവിദ്യാലയത്തിൽ നിന്നാണ് ശമ്പളം കൈപ്പറ്റുന്നത്. സംരക്ഷണത്തിന് അർഹതയുള്ള റിട്രഞ്ച്ഡ് അദ്ധ്യാപകർ ഈ ഗണത്തിൽ ഉൾപ്പെടുന്നില്ല. അവരെ സി.ആർ.സി കോ-ഓർഡിനേറ്റർ ആയാണ് പുനർവിന്യസിച്ചിരിക്കുന്നത്. അവർക്ക് മിനിമം അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും മറ്റ് അലവൻസുകളുമാണ് എസ്എസ്എ യിൽ നിന്ന് ഇപ്പോൾ നൽകിവരുന്നത്.

(ഡി) ഒരു സ്കൂളിൽ നിന്നും 14-7-1997 ന് മുൻപ് നിയമനം ലഭിച്ചവർ പുറത്തുപോയി അദ്ധ്യാപക പാക്കേജ് പ്രകാരം സംരക്ഷണം ലഭിക്കുമ്പോൾ മുഴുവൻ ശമ്പളവും ലഭിക്കുകയും ഈ തീയതിയ്ക്ക് ശേഷം അദ്ധ്യാപക പാക്കേജിന്റെ ആനുകൂല്യം ലഭിച്ച് ബി.ആർ.സി, സി.ആർ.സി കളിൽ കോർഡിനേറ്റർ തസ്തികയിൽ നിയമനം ലഭിക്കുമ്പോൾ ശമ്പള നഷ്ടം സംഭവിക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 14-07-1997-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർ പുറത്തുപോയാലും 2014-15 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർ പുറത്തുപോയാലും സംരക്ഷണം അനുവദിക്കുന്നത് അദ്ധ്യാപക പാക്കേജ് പ്രകാരമല്ല, 29/01/2016-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ്. അദ്ധ്യാപക പാക്കേജ് ഇപ്പോൾ നിലനിൽ-ക്കുന്നുമില്ല. അദ്ധ്യാപക പാക്കേജ് വഴി സി.ആർ.സി കോ-ഓർഡിനേറ്റർ ആയി നിയമിച്ചിരുന്നവർക്ക് 29-01-2016 ലെ സർക്കാർ ഉത്തരവ് പ്രകാരം സംരക്ഷണം അനുവദിച്ചിട്ടുണ്ട്. ഇവർക്കുമാത്രമാണ് മിനിമം അടിസ്ഥാന ശമ്പളവും അലവൻസുകളും എസ്.എസ്.എ നൽകുന്നത്. പുനർവിന്യസിക്കപ്പെട്ട മറ്റ് സംരക്ഷിതാദ്ധ്യാപകർക്ക്, അവർക്ക് തസ്തിക നഷ്ടം സംഭവിച്ച തീയതിയിൽ വാങ്ങിക്കൊണ്ടിരുന്ന ശമ്പളത്തിൽ കുറവൊന്നുമുണ്ടാകില്ല.

(ഇ) എങ്കിൽ ഈ അനോമലി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ഇ) പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ